(ബി) 'ഇ-ഗ്രാന്റ്' സംവിധാനം നിലവിൽ വന്നതിനുശേഷം ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസം വരുന്നുവെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) 2013-14 അദ്ധ്യയന വർഷത്തെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ലഭിച്ച ക്ലെയിമുകൾ പൂർണ്ണമായി വിതരണം നടത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ കുടിശ്ശിക 4-6-2014-ന് വിതരണം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇ-ഗ്രാന്റ്സ് എന്ന ഓൺലൈൻ സംവിധാനത്തിൽ പ്രാവീണ്യം കുറഞ്ഞ ഉദ്യോഗസ്ഥർക്ക് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ജില്ലാ അടിസ്ഥാനത്തിൽ പരിശീലനം നൽകിവരുന്നു.

(സി) 2013-14 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1,37,250 വിദ്യാർത്ഥികളുടെ അപേക്ഷ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് ലഭിക്കുകയുണ്ടായി. ഇതിൽ 1,33,118 വിദ്യാർത്ഥികൾക്ക് 180,76,17,814 രൂപയ്ക്കുള്ള അനുമതി ഉത്തരവ് നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 4-6-2014 വരെ ലഭിച്ച എല്ലാ ക്ലെയിമുകൾക്കും തുക വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം 2013-14 സാമ്പത്തിക വർഷം കുടിശ്ശിക ഉൾപ്പെടെ 220 കോടി രൂപ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ഇതുവരെ 30 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസത്തിന് അർഹതനേടിയ വിദ്യാർത്ഥികൾ

**255 (4219)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയെഴുതി ഉന്നത വിദ്യാഭ്യാസത്തിന് അർഹതനേടി പഠനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ സിവിൽ സർവ്വീസ് പരീക്ഷയിൽ യോഗ്യത നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly